REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-01-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂരിന്റെ മുന്നേറ്റം തുടരുന്നു. തൃശൂർ രണ്ടാം സ്ഥാനത്തും കോഴിക്കോട് മൂന്നാം സ്ഥാനത്തും.
- ഇടുക്കി പുല്ലുപാറക്ക് സമീപം KSRTC ബസ് കൊക്കയിലേക്ക് മറിഞ്ഞ് നാല് പേർ മരിച്ചു. അടിയന്തര അന്വേഷണത്തിന് മന്ത്രി KB ഗണേഷ് കുമാറിന്റെ നിർദ്ദേശം.
- കണ്ണൂർ ADM നവീൻ ബാബുവിന്റെ മരണം CBI അന്വേഷിക്കണമെന്ന ഹർജി ഹൈക്കോടതി സിംഗിൾ ബെഞ്ച് തള്ളി.
- നിലമ്പൂർ DFO ഓഫീസ് ആക്രമിച്ച കേസിൽ P.V അൻവറിന്റെ ജാമ്യാപേക്ഷ കോടതി സ്വീകരിച്ചു.
- എരുമേലി പേട്ട തുള്ളലിന് അമ്പലപ്പുഴ സംഘം പുറപ്പെട്ടു.

## വാർത്തകൾ വിശദമായി

**തിരുവനന്തപുരത്ത് 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കിരീടപ്പോരാട്ടത്തിൽ കണ്ണൂർ മുന്നേറ്റം തുടരുന്നു. തൃശൂരും, കോഴിക്കോടും തൊട്ടുപിന്നിലുണ്ട്. കണ്ണൂർ 459 പോയിന്റും, തൃശൂർ 458 ഉം, കോഴിക്കോട് 454 പോയിന്റുമാണ് ഇതുവരെ നേടിയത്. 249 മത്സരങ്ങളിൽ 120 എണ്ണമാണ് ഇതുവരെ പൂർത്തിയായത്.**

✪✪✪

**ഇടുക്കി ജില്ലയിലെ പുല്ലുപാറക്ക് സമീപം KSRTC ബസ് കൊക്കയിലേക്ക് മറിഞ്ഞ് നാല് പേർ മരിച്ചു. 33 യാത്രക്കാർക്ക് പരിക്കേറ്റു. മാവേലിക്കര**

സ്വദേശികളായ  രമാ മോഹൻ,  അരുൺ ഹരി, സംഗീത് സോമൻ, ബിന്ദു ഉണ്ണിത്താൻ  എന്നിവരാണ് മരിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

....(വോയ്സ്)........

✪✪✪

ഇടുക്കിയിൽ KSRTC ബസ് മറിഞ്ഞ സംഭവത്തിൽ അടിയന്തര അന്വേഷണത്തിന് മന്ത്രി KB ഗണേഷ് കുമാർ നിർദ്ദേശം നൽകി. എൻഫോഴ്സ്മെന്റ് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ R രാജീവിനോടാണ് മന്ത്രി റിപ്പോർട്ട് ആവശ്യപ്പെട്ടത്.

പുല്ലുപാറ അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇന്നത്തെ തൊടുപുഴ താലൂക്ക് അദാലത്ത് മാറ്റി. പുതിയ തിയതി പിന്നീട് അറിയിക്കുമെന്ന് ജില്ലാകലക്ടർ പറഞ്ഞു.

✪✪✪

കണ്ണൂർ ADM നവീൻ ബാബുവിന്റെ മരണം CBI  അന്വേഷിക്കണം എന്നാവശ്യപ്പെട്ട് ഭാര്യ മഞ്ജുഷ സമർപ്പിച്ച ഹർജി ഹൈക്കോടതി സിംഗിൾ ബെഞ്ച് തള്ളി. പ്രത്യേക സംഘത്തിന്റെ  അന്വേഷണം തുടരാമെന്ന് ഹർജി പരിഗണിച്ച ജസ്റ്റിസ് കൗസർ എടപ്പഗത്ത് വ്യക്തമാക്കി. അന്വേഷണം സ്വതന്ത്രവും നീതിയുക്തവും ആയിരിക്കണമെന്നും, കണ്ണൂർ റെയിഞ്ച് DIG മേൽനോട്ടം വഹിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. അന്വേഷണ പുരോഗതി ഹർജിക്കാരിയെ അറിയിക്കണം.

മഞ്ജുഷയുടെ ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ അന്വേഷണത്തിന് വിധേയമാക്കണമെന്ന് കോടതി നിർദ്ദേശിച്ചു. അന്വേഷണം പൂർത്തിയാക്കിയാൽ റിപ്പോർട്ടിന്റെ കരട് DIG അംഗീകരിച്ച ശേഷമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കാവൂ എന്ന് കോടതി ഉത്തരവിൽ പറയുന്നു.

അതേസമയം, ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിന് എതിരെ അപ്പീൽ നൽകുമെന്ന് നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ പറഞ്ഞു. നിയമ പോരാട്ടം ഏതറ്റം വരെയും തുടരുമെന്നും അവർ അറിയിച്ചു.

✪✪✪

നിലമ്പൂർ DFO ഓഫീസ് ആക്രമിച്ച കേസിൽ റിമാന്റിലായ P.V അൻവർ MLA യുടെ ജാമ്യാപേക്ഷ കോടതി സ്വീകരിച്ചു. കേസ് സംബന്ധമായ റിപ്പോർട്ട് സമർപ്പിക്കാൻ നിലമ്പൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി പൊലീസിനോട് ആവശ്യപ്പെട്ടു.  ഇന്നലെ രാത്രി  പത്തോടെ നിലമ്പൂർ ഒതായിയിലെ വീട്ടിൽ നിന്ന് DYSP യുടെ നേതൃത്വത്തിലാണ് അൻവറിനെ അറസ്റ്റ് ചെയ്തത്.

**മജിസ്ട്രേറ്റിനു മുമ്പാകെ ഹാജരാക്കിയ അൻവറിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്യുകയായിരുന്നു.**

✪✪✪

**P.V അൻവറിന്റെ അറസ്റ്റിനു പിന്നിൽ പ്രതികാര രാഷ്ട്രീയമാണെന്ന് പ്രതിപക്ഷ നേതാവ് V D സതീശൻ ആരോപിച്ചു. സ്വന്തം നിയോജക മണ്ഡലത്തിൽ വന്യജീവി ആക്രമണം ഉണ്ടായാൽ MLA യ്ക്ക് മാറിനിൽക്കാനാവില്ലെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപജാപക സംഘത്തെ വിമർശിച്ചാൽ എന്തും ചെയ്യും എന്നതിന്റെ തെളിവാണ് അൻവറിന്റെ അറസ്റ്റെന്നും സതീശൻ അഭിപ്രായപ്പെട്ടു.**

✪✪✪

**എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി ആയിരുന്നു P.V.അൻവറിന്റെ അറസ്റ്റെന്ന് LDF കൺവീനർ T.P.രാമകൃഷ്ണൻ പറഞ്ഞു. നിയമവാഴ്ച ഉറപ്പാക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അൻവറിന്റേത് അടഞ്ഞ അധ്യായമാണെന്നും, അദ്ദേഹത്തിന് താരപരിവേഷം കൊടുക്കുന്നത് മാധ്യമങ്ങളാണെന്നും LDF കൺവീനർ വാർത്താ ലേഖകരോട് പറഞ്ഞു.**

**PV അൻവറിനെതിരായ പൊലീസ് നടപടി അനുചിതമെന്ന് മുസ്ലീംലീഗ് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. വനനിയമ ഭേദഗതി നിയമം ജനവിരുദ്ധമാണെന്നും അതിന് എതിരായാണ് അൻവർ സമരം ചെയ്തതെന്നും കുഞ്ഞാലിക്കുട്ടി മാധ്യമങ്ങളോട് പറഞ്ഞു.**

✪✪✪

**ജനപ്രതിനിധിയെന്ന നിലയിൽ PV അൻവറിന് കിട്ടേണ്ട ജനാധിപത്യ മര്യാദകൾക്കും നിയമപോരാട്ടങ്ങൾക്കും മുസ്ലീം ലീഗിന്റെ പിന്തുണയുണ്ടാകുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി K.M ഷാജി പറഞ്ഞു. ആദിവാസി യുവാവിനെ ആന ചവിട്ടി കൊന്നപ്പോൾ ജനപ്രതിനിധിയെന്ന നിലയിൽ പ്രതികരിച്ചതിനാണ് അൻവറിന്റെ അറസ്റ്റെന്നും ഷാജി കോഴിക്കോട്ട് അഭിപ്രായപ്പെട്ടു.**

✪✪✪

**പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഈ മാസം 17-ന് ആരംഭിക്കും. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയായിരിക്കും സമ്മേളനത്തിന് തുടക്കമാകുന്നത്. മാർച്ച് 28 വരെയാണ് സഭ സമ്മേളിക്കുക.**

✪✪✪

കേന്ദ്രബജറ്റിനു മുന്നോടിയായി ധനമന്ത്രി നിർമ്മല സീതാരാമൻ തൊഴിലാളി യൂണിയനുകളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച ആരംഭിച്ചു. സഹമന്ത്രി പങ്കജ് ചൗധരിയും വിവിധ വകുപ്പ് സെക്രട്ടറിമാരും ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഡൽഹിയിൽ ഹ്യൂമൻ മെറ്റാ ന്യൂമോ വൈറസിനെതിരെ ജാഗ്രതാ നിർദ്ദേശം നൽകി. ഫ്ലൂ സമാനമോ, ശ്വാസകോശ സംബന്ധമോ ആയ അസുഖങ്ങളുമായി ചികിത്സയ്ക്ക് എത്തുന്നവരുടെ വിവരം ഇന്റഗ്രേറ്റഡ് ഹെൽത്ത് ഇൻഫർമേഷൻ പ്ലാറ്റ്ഫോമിൽ നൽകാൻ ആശുപത്രികൾക്ക് നിർദ്ദേശമുണ്ട്.

✪✪✪

അതിനിടെ, കർണാടകയിൽ രണ്ട് HM PV കേസുകൾ സ്ഥിരീകരിച്ചു. മൂന്ന് മാസം പ്രായമായ പെൺകുഞ്ഞിലും, എട്ടു മാസം പ്രായമായ ആൺകുഞ്ഞിലുമാണ് രോഗം കണ്ടെത്തിയത്. രണ്ടു കുഞ്ഞുങ്ങളും വിദേശയാത്ര ചെയ്യാത്തവരാണ്. ഇരുവരും രോഗമുക്തരായതായി ആരോഗ്യമന്ത്രാലയം അറിയിച്ചു.

✪✪✪

തമിഴ്നാട് നിയമസഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്താതെ ഗവർണർ R.N രവി ഇറങ്ങിപ്പോയി. ദേശീയ ഗാനത്തെയും ഭരണഘടനയെയും അപമാനിച്ചതായി പിന്നീട് രാജ്ഭവൻ കുറ്റപ്പെടുത്തി. സഭാ സമ്മേളനത്തിന് ഗവർണർ എത്തിയപ്പോൾ ദേശീയഗാനത്തിന് പകരം തമിഴ് തായ് വാഴ്ത്ത് ആണ് ആലപിച്ചതെന്നും, ഗവർണർ ആവശ്യപ്പെട്ടിട്ടും ദേശീയഗാനം ആലപിക്കാൻ സഭ തയ്യാറായില്ലെന്നും രാജ്ഭവൻ കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

ചരിത്ര പ്രസിദ്ധമായ എരുമേലി പേട്ടതുള്ളലിന് അമ്പലപ്പുഴ സംഘം പുറപ്പെട്ടു. രാവിലെ സമൂഹപ്പെരിയോൻ N.ഗോപാലകൃഷ്ണ പിള്ളയുടെ നേതൃത്വത്തിലാണ് സംഘം യാത്ര തിരിച്ചത്.

മാളികപ്പുറങ്ങൾ ഉൾപ്പെടെ 250 പേർ രഥഘോഷ യാത്രയെ അനുഗമിക്കുന്നുണ്ട്. ഈ മാസം ഒമ്പതിന് മണിമല കാവിൽ ആഴിപൂജ നടത്തുന്ന അമ്പലപ്പുഴ സംഘം പത്തിന് എരുമേലിയിലെത്തും. 11-നാണ് പ്രസിദ്ധമായ എരുമേലി പേട്ടതുള്ളൽ.

സംഘത്തെ മരക്കൂട്ടത്ത് ദേവസ്വവും, പൊലീസ് അധികാരികളും സ്വീകരിച്ച് ആനയിക്കും. 14-ന് അത്താഴപൂജയ്ക്ക് ശേഷം അമ്പലപ്പുഴക്കാരുടെ മഹാനിവേദ്യവും നടക്കും.

✪✪✪

ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്ന് തിരുവല്ലയിലെ സ്വകാര്യ മെഡിക്കൽ കോളജിൽ ചികിൽസയിൽ കഴിയുന്ന SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെ മുഖ്യമന്ത്രിയും മന്ത്രിമാരും കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും സന്ദർശിച്ചു.

ശനിയാഴ്ച കൊല്ലത്തു നടന്ന SNDP തെക്കൻ മേഖല സമ്മേളനത്തിൽ പങ്കെടുത്ത ശേഷം കണിച്ചു കുളങ്ങരയിലേക്ക് മടങ്ങുന്നതിനിടെ ശ്വാസ തടസ്സമുണ്ടായതിനെ തുടർന്നാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

✪✪✪

ജയ്പൂരിൽ നാളെ ആരംഭിക്കുന്ന 69-ാമത് നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരളത്തിന്റെ പുരുഷ ടീമിനെ U. അബ്ദുൾ റഹീമും, വനിതാ ടീമിനെ അശ്വതി രവീന്ദ്രനും നയിക്കും. ടീമിന് സംസ്ഥാന വോളിബോൾ ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ CK ഉസ്മാൻ ഹാജിയുടെ നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC, മുംബൈ സിറ്റി FC യെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

കണ്ണൂർ കല്യാശ്ശേരി മണ്ഡലത്തിൽ ഔഷധ ഗ്രാമം രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്ത കുറുന്തോട്ടി വിളവെടുപ്പ് ആരംഭിച്ചു. രാവിലെ ഏഴോം പഞ്ചായത്തിലെ പാറമ്മലിൽ M വിജിൻ MLA വിളവെടുപ്പ് ഉത്സവം ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിലെ ഒമ്പത് പഞ്ചായത്തുകളിലായി 100 ഏക്കറിലാണ് കുറുന്തോട്ടി കൃഷി ചെയ്തത്. വിളവെടുത്ത കുറുന്തോട്ടിയും വിത്തും സംസ്ഥാന പൊതുമേഖല സ്ഥാപനമായ തൃശൂരിലെ മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി വഴി ഔഷധിയാണ് ശേഖരിക്കുന്നത്.

✪✪✪

കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് & വർക്കേഴ്സ് പതിനാലാം സംസ്ഥാന സമ്മേളനം കൊച്ചിയിൽ സമാപിച്ചു. സംസ്ഥാന പ്രസിഡന്റായി N വിനോദ് കുമാറിനെയും, ജനറൽ സെക്രട്ടറിയായി G R പ്രമോദിനെയും തിരഞ്ഞെടുത്തു.

✪✪✪

സംസ്ഥാനത്തെ എല്ലാ വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം വിലയിരുത്താൻ സർവേ

ഇന്ന് ആരംഭിക്കും. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായാണ് സർവെ.

ജൈവമാലിന്യ പരിപാലനത്തിൽ പരമാവധി ഉറവിട സംസ്കരണം ഉറപ്പാക്കുക, സാധ്യമാകാത്ത സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി തലത്തിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ മാസം 12 വരെ വിവര ശേഖരണം നടത്തുന്നത്.

✪✪✪

സാമൂഹ്യനീതി വകുപ്പും, ഭിന്നശേഷി ക്ഷേമ കോർപറേഷനും സംയുക്തമായി നടത്തുന്ന ഭിന്നശേഷി സഹായ ഉപകരണ വിതരണം മന്ത്രി ഡോ. R. ബിന്ദു പെരിന്തൽമണ്ണയിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. ജില്ലയിലെ ഭിന്നശേഷിക്കാർക്ക് 'ശ്രവൺ' പദ്ധതി പ്രകാരം ശ്രവണ സഹായികളുടെ വിതരണവും, 'ഹസ്തദാനം' പദ്ധതി പ്രകാരം 20,000 രൂപയുടെ സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് വിതരണവും, മറ്റ് സഹായ ഉപകരണങ്ങളുടെ വിതരണവുമാണ് നടത്തുന്നത്.

✪✪✪

കണ്ണൂർ കാക്കയങ്ങാട് വീട്ടുപറമ്പിലെ കേബിൾ കെണിയിൽ പുലി കുടുങ്ങി. വനം വകുപ്പ് പുലിയെ മയക്കു വെടി വെച്ച് പിടികൂടാൻ ശ്രമം തുടരുന്നു. മുഴക്കുന്ന് പഞ്ചായത്തിൽ നാളെ വൈകിട്ട് അഞ്ചു വരെ നിരോധനാജ്ഞ ഏർപ്പെടുത്തി.

✪✪✪

---

*News Editor: V.K Suresh*
*News Reader: Anil Chandran*
*Casual News reader: Anusha Athmaprkash*
DEO: Sheeba P.M